LIBRARY ARCHIVES Kerala Legislative Assembly

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

206 (552) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് സഭ പാസ്സാക്കിയ ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ എന്തൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) നാളിതുവരെ ഭരണാനുമതി നൽകാത്ത നിർദ്ദേശങ്ങൾ ; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ലാത്തവ ; ഖജനാവിൽ നിന്നും നാളിതുവരെ പണം ചെലവഴിക്കപ്പെട്ടിട്ടില്ലാത്തവ ; നടപ്പിലാക്കേണ്ടതില്ലെന്ന് പിന്നീട് തീരുമാനിച്ച നിർദ്ദേശങ്ങൾ ; എന്നിവയുടെ വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശത്തെത്തുടർന്ന് നൽകിയ ഭരണാനുമതികൾ എത്ര; 2015 ജനുവരി 1-നുശേഷം ഭരണാനുമതി നൽകിയവ എത്ര ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ 217-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ 94-ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഭരണാനുമതി ലഭിച്ച പദ്ധതികളിൽ 26-ഓളം എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്ത 20-ഓളം പദ്ധതികളുമുണ്ട്. പ്രസ്തുത വർഷത്തെ പദ്ധതികളിൽ ഭരണാനുമതി നൽകിയവയുടെയും നാളിതുവരെ ഭരണാനുമതി നൽകാത്തവരുടെയും വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

2014-15-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക

207 (553) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ വകകൊള്ളിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഓരോ വകുപ്പിലും 31-1-2015 വരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഉണ്ടായ ചെലവിന്റെ ശതമാനം തുകവിവരം സഹിതം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.